15 -ാം കേരള നിയമസഭ

6 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 402 — 23-08-2022 - ൽ മറുപടിയ്ക്ക്

## വ്യാജമദ്യം, മയക്കുമരുന്ന് എന്നിവയുടെ വിപണനം തടയുവാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യാജമദ്യം, മയക്കുമരുന്ന് എന്നിവയുടെ വിപണനം തടയുന്നതിനായി സർക്കാർ സ്വീകരിച്ചുവരുന്ന ഊർജ്ജിത പ്രവർത്തനങ്ങൾക്കു പുറമെ ഓണക്കാലം പ്രമാണിച്ച് നടത്തുവാൻ തീരുമാനിച്ചിട്ടുള്ള സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് വ്യാജമദ്യം, മയക്കുമരുന്ന് എന്നിവയുടെ വിപണനം തടയുന്നതിനായി സ്വീകരിച്ചു വരുന്ന ഊർജ്ജിത പ്രവർത്തനങ്ങൾക്ക് പുറമെ ഓണക്കാലം പ്രമാണിച്ച് സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് പ്രവർത്തനങ്ങൾ 05.08.2022 മുതൽ ആരംഭിച്ചിട്ടുള്ളതാണ്. എക്സൈസ് ഹെഡ്ക്വാർട്ടേഴ്സുകളും, ജില്ലാ ഡിവിഷൻ ഓഫീസുകളും കേന്ദ്രീകരിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം പ്രവർത്തിച്ചുവരുന്നു. പൊതുജനങ്ങളിൽ നിന്നും പരാതികൾ സ്വീകരിച്ച് എൻഫോഴ്സ്മെന്റ് യൂണിറ്റുകൾക്ക് കൈമാറി യഥാസമയം പരാതികളിൽ അന്വേഷണം നടത്തി വരുന്നു. ജില്ലകളെ രണ്ട് മേഖലകളായി തിരിച്ച് രണ്ട് സ്ട്രൈക്കിംഗ് ഫോഴ്സ് യൂണിറ്റുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നു. ഇത് കൂടാതെ അതിർത്തി പ്രദേശങ്ങളിലെ റോഡുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ബോർഡർ പട്രോൾ യൂണിറ്റ് വാഹന പരിശോധന നടത്തി വരുന്നു. പോലീസ്, വനം, റവന്യൂ, തീരദേശ പോലീസ്, റെയിൽവേ പോലീസ്, ഫുഡ് സേഫ്റ്റി വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വരുന്നു. |
| (ബി) | ഇക്കാലയളവിൽ അന്തർ സംസ്ഥാന മദ്യ, മയക്കുമരുന്ന് കടത്ത് തടയുന്നതിനായി നടത്തുന്ന പ്രത്യേക പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) | അന്തർ സംസ്ഥാന മദ്യ, മയക്കുമരുന്ന് കടത്ത് തടയുന്നതിനായി രഹസ്യ നിരീക്ഷണവും പരിശോധനകളും വാഹന പരിശോധനകളും നടത്തി വരുന്നു. മറ്റ് സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ജില്ലകളിൽ മുഴുവൻ സമയവും ബോർഡർ പട്രോളിംഗ് ശക്തിപ്പെടുത്തിയിട്ടുള്ളതും വാഹന പരിശോധന കർശനമാക്കിയിട്ടുള്ളതുമാണ്. തീരപ്രദേശങ്ങൾ വഴിയുള്ള വ്യാജമദ്യ കടത്ത് തടയുന്നതിനായി കോസ്റ്റൽ പോലീസുമായി ചേർന്ന് കടലിലും ഉൾനാടൻ ജലഗതാഗത പാതകളിലും |

| | | | |
|---|---|---|---|
| | | | പട്രോളിംഗ് സംഘടിപ്പിക്കുന്നു.. ചെക്ക് പോസ്റ്റുകളിൽ അംഗബലം വർദ്ധിപ്പിച്ച് വാഹനപരിശോധന കർശനമാക്കിയിട്ടുള്ളതാണ്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് മറ്റു ജില്ലകളിലേക്ക് കൊണ്ടു പോകുന്ന കള്ളിന്റെ അളവും ഗുണനിലവാരവും പരിശോധിക്കുന്നതിനും ഇതിൽ മായം ചേർക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനുമായി നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ? | (സി) | കള്ളിന്റെ അളവും ഗുണനിലവാരവും പരിശോധിക്കുന്നതിന് കള്ളു ഷാപ്പുകളിലേക്ക് കള്ള് കൊണ്ടു വരുന്ന വാഹനങ്ങൾ പരിശോധിച്ച്, വാഹനത്തിൽ നിന്നു തന്നെ സാമ്പിൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് അയയ്ക്കുന്നത് കൂടാതെ കള്ള് ഷാപ്പുകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധയ്ക്ക് അയച്ചു വരുന്നു. കള്ളിന്റെ സാമ്പിളുകളിൽ ഈഥൈൽ ആൾക്കഹോളിന്റെ അളവ് 6%v/v കൂടുതൽ ഉണ്ടായിട്ടുള്ള ഷാപ്പുകളുടേയും ടി ഷാപ്പ് ലൈസൻസികളുടെയും പ്രവർത്തനങ്ങൾ കർശനമായി നിരീക്ഷിച്ചുവരുന്നു. ഇതു കൂടാതെ മൊബൈൽ ടെസ്റ്റിംഗ് ലാബുകൾ വഴിയും കള്ളുഷാപ്പുകളിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ച് തത്സമയം പരിശോധിച്ച് കള്ളിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ